7. Minister for Transport and Health (Shri K. M. George):

Sir, I lay on the Table:—

(a) The Kerala Public Service Commission (Additional Functions) Ordinance, 1969 (Ordinance No. 8 of 1969), promulgated by the Governor on December 17, 1969.

(b) The Kerala Motor Vehicles (Taxation of Passengers and Goods) Amendment Ordinance, 1970 (Ordinance No. 1 of 1970), promulgated by the Governor on January 4, 1970.

(c) A copy of the Notification G. O. (P) No. 88/69/PW dated June 12, 1969 (S. R. O. No. 265/69) issued by the Government under clause (e) of sub-section (2) of section 41 read with section 68 of the Motor Vehicles Act, 1939 (Central Act 4 of 1939) containing amendment to the Kerala Motor Vehicles Rules, 1961.

(d) A copy of the Notification G. O. (P) No. 90/69/PW dated June 17, 1969 (S. R. O. No. 260/69) issued by the Government under sub-section (1) and clause (a) of sub-section (2) of section 68 of the Motor Vehicles Act, 1939, (Central Act 4 of 1939) containing amendment to the Kerala Motor Vehicles Rules, 1969.

(e) A copy of the Notification G. O. (P) No. 85 dated June 5, 1969 (S. R. O. No. 253/69) issued by the Government under sub-section (1) and clause (a) of sub-section (2) of section 70 of the Motor Vehicles Act, 1939 (Central Act 4 of 1939) containing amendment to the Kerala Motor Vehicles Rules, 1961.

V PRESENTATION OF REPORT

Report of the Business Advisory Committee.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഒരു പോയിന്റ് ഓഫ് ആർഡർ; ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ റിപ്പോർട്ടു സമർപ്പിക്കുന്നതുസംബന്ധിച്ച് ഒരു പ്രമപ്രശ്നം ഉന്നയിക്കാൻ അഗ്രഹിക്കുന്നു. നിയമസഭാ നടപടി ചട്ടം 204–ാം വകുപ്പനുസരിച്ചാണ് ബിസിനസ് അഡ്വൈസറി കമ്മിറ്റി പ്രവർത്തിക്കുന്നത്. ഞാൻ അതു വായിക്കാം:

"*204. Constitution of Business Advisory Committee*—At the commencement of the Assembly or from time to time, as the case may be, the Speaker may nominate a Committee Called the Business Advisory Committee consisting of not more than nine members including the Speaker who shall be the Chairman of the Committee.

ഈ വകുപ്പനുസരിച്ച് കമ്മിറ്റിയുടെ ചെയർമാൻ ബഹുമാനപ്പെട്ട സ്പീക്കറാണ്. ഏതു ലെജിസ്ലേച്ചർ കമ്മിറ്റിയുടേയും ഘടനയെ സംബന്ധിച്ചും പ്രവർത്തനത്തെ സംബന്ധിച്ചും 23–ാം അധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതുപ്രകാരം ഈ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കേണ്ടത് കമ്മിറ്റിയുടെ ചെയർമാനാണ്. അത് വളരെ നിർബന്ധമായി ഈ ചട്ടം അനുശാസിക്കുന്നു. അത് ഞാൻ വായിക്കാം.

196. Presentation of Report.—The report of a Committee shall be presented to the Assembly by the Chairman or in his absence by any member of the Committee.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ചെയർമാനായ അങ്ങ് സർവ്വോൽകർഷേണ വർത്തിക്കുന്നു; അങ്ങയുടെ അഭാവം എന്ന പ്രശ്നം ഇവിടെയില്ല. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കേണ്ടതേ ചെയർമാനാണ്. അതുകൊണ്ട് ഒരു മെമ്പർ ഈ റിപ്പോർട്ട് സമർപ്പിക്കുന്നത് ക്രമത്തിനുവിരുദ്ധമാണ്. അങ്ങനെയല്ലാതെ സമർപ്പിക്കേണ്ടി വരുന്ന ചില സാഹചര്യങ്ങളും തീർച്ചയായും ഉണ്ടാകാം: ചെയർമാൻ ഇല്ലെന്ന് വിചാരിക്കുക—സർക്കീട്ടു പോയിരിക്കുകയാണെന്ന് വിചാരിക്കുക—അപ്പോഴും ഒരു മെമ്പർക്ക് അതിന് അവകാശമുണ്ട്. അങ്ങ് ഇവിടെ ഉള്ള സ്ഥിതിക്ക് തീർച്ചയായും മറ്റൊരു മെമ്പർക്ക് സമർപ്പിക്കാൻ അധികാരമില്ല. മറ്റൊരു പ്രശ്നം: ഒരുപക്ഷേ അങ്ങു പറഞ്ഞേക്കും നൂറു സസ്പെൻറു ചെയ്യാൻ അധികാരം അങ്ങേയ്ക്ക് ഉണ്ടെന്ന്. അങ്ങനെയുള്ള യാതൊരു സാഹചര്യവും ഇവിടെയില്ല. അങ്ങുതന്നെയാണ് റിപ്പോർട്ട് സമർപ്പിക്കേണ്ടത്; ഒരു മെമ്പർക്ക് സമർപ്പിക്കാൻ അധികാരമില്ലാത്തതാണ്. അതൊപ്പറ്റി ഒരു റൂളിംഗ് വേണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ടി. കെ. കൃഷ്ണനി വളരെ പ്രസക്തമായ ഒരു കാര്യം തന്നെയാണ് പറഞ്ഞതെന്നുള്ളതിൽ സന്തോഷമുണ്ട്. എന്നാൽ നിയമസഭയിൽ റിപ്പോർട്ടു സമർപ്പിക്കുന്നത് സ്പീക്കർക്കാണ്. സഭയ്ക്കു സമർപ്പിക്കുക എന്നു പറഞ്ഞാൽ സ്പീക്കർക്കു സമർപ്പിക്കുകയെന്നാണ്. സ്പീക്കർ സ്പീക്കർക്കുതന്നെ സമർപ്പിക്കുക എന്നു പറയുന്ന പൂർവാപര വൈരുദ്ധ്യം ഉണ്ടാകാതിരിക്കുന്നതിന്, മറ്റു സഭകളിലും പാർലമെൻറിലും ആരാണ് പ്രസൻറു ചെയ്യുന്നതെന്ന് അന്വേഷിച്ചശേഷമാണ് ഇങ്ങനെ തീരുമാനിച്ചത്. സഭയിൽ പ്രിസൈഡു ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിൽ കമ്മിറ്റിയുടെ ചെയർമാനല്ല, സ്പീക്കറാണ്. കമ്മിറ്റിയിൽ ചെയർമാനായിരിക്കും. കമ്മിറ്റി ചെയർമാനായിട്ടുള്ള സ്പീക്കർ സ്പീക്കറായ സ്പീക്കർക്ക് റിപ്പോർട്ട് പ്രസൻറു ചെയ്യുക എന്നുള്ള വഴക്കം ഉണ്ടാക്കാൻ സാധ്യമല്ല. എല്ലാ സഭയിലും നടക്കുന്നത് വേറെ ഒരു മെമ്പറെ ചുമതലപ്പെടുത്തുകയാണ്; ലീഡർ ഓഫ് ദി ഹൗസ് ഉണ്ടെങ്കിൽ അദ്ദേഹത്തെ ചുമതലപ്പെടുത്തും. അദ്ദേഹവും അഡ്വൈസറി കമ്മിറ്റിയിൽ മെമ്പറായിരിക്കും. ഇവിടെ ഇപ്പോൾ ലീഡർ ഓഫ് ദി ഹൗസ് കമ്മിറ്റിയിലെ മെമ്പറല്ല. അതുകൊണ്ടാണ് വേറെ ഒരു മെമ്പർ പ്രസൻറു ചെയ്യുന്നത്. ഏതായാലും ബഹുമാനപ്പെട്ട ടി. കെ. കൃഷ്ണൻ ഉന്നയിച്ച പ്രശ്നം ആലോചിക്കത്തക്ക പ്രാധാന്യമുള്ളതാണ്.

ശ്രീമതി കെ. ആർ. ഗൗരി: പ്രസൻറു ചെയ്യുന്നത് സ്പീക്കർക്കാണെന്ന് ഞങ്ങൾ മനസ്സിലാക്കിയിട്ടില്ല. അസംബ്ലിയിൽ അവതരിപ്പിക്കുന്നു എന്നാണ് മനസ്സിലാക്കിയിരിക്കുന്നത്. അങ്ങനെ സമർപ്പിക്കുന്നതിനു യാതൊരു വിരോധവുമില്ല.

ശ്രീ. കെ. കരുണാകരൻ: സ്പീക്കർ വഴിയാണ് സഭയിൽ അവതരിപ്പിക്കുന്നത്, സ്പീക്കറില്ലാതെ സഭയിലേക്ക് അവതരിപ്പിക്കുകയല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഗൗരിഅമ്മയ്ക്ക് സംശയം വേണ്ട, എല്ലാ സഭകളിലും എങ്ങനെയാണു നടക്കുന്നതെന്ന് അന്വേഷിച്ച ശേഷമാണ് ഇങ്ങനെ ചെയ്യുന്നത്. സഭയ്ക്ക് സമർപ്പിക്കുന്നു എന്നു പറഞ്ഞാൽ എവിടെയെങ്കിലും ഇട്ടിട്ടുപോകുകയല്ല; സ്പീക്കറുടെ കൈവശം ഏൽപിക്കുന്നു എന്നുള്ളതാണ് സംജ്ഞ.

Shri T. A. Majid: Sir, I, Member of the Business Advisory Committee present the First Report of the Committee in 1970.

Mr. Speaker: The Report is presented.

LIBRARY ARCHIVES Kerala Legislative Assembly

Shri T. A. Majid: I move that the First Report of the Business Advisory Committee in 1970 be adopted.

The question that the First Report of the Business Advisory Committee in 1970 be adopted was put and carried.

The Report was adopted.

First Report of the Estimates Committee

(2) **Shri K. C. Vamadevan** (Chairman, Estimates Committee): Sir, I present the First Report of the Estimates Committee in 1970.

Mr. Speaker: The Report is presented.

VI. DISCUSSION ON THE GOVERNOR'S ADDRESS

Mr. Speaker: Now Shri P. Ramunni Kurup may move his motion of thanks to the Governor.

Shri P. Ramunni Kurup: Sir, "I move that an address be presented to the Governor that the Members of the Kerala Legislative Assembly thank him for the Address delivered to the Members of the Legislative Assembly on the 9th January, 1970."

സർ, ഈ സംസ്ഥാനത്തിൽ പ്രസിഡൻറ് ഭരണം ഒഴിവാക്കിയതിനുശേഷം അധികാരത്തിൽവന്ന ഒരു ഗവൺമെൻറ് രണ്ടുകൊല്ലക്കാലത്തിലധികം ഭരണം നടത്തി വന്നതിനുശേഷം, ഏതൊരു ഉദ്ദേശത്തെ മുൻനിറുത്തിക്കൊണ്ട് കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പിൽ കേരളത്തിലെ രാഷ്ട്രീയ കക്ഷികൾ യോജിച്ചു നിന്നോ ആ ഉദ്ദേശത്തെ .. ..

ശ്രീ. കെ. കരുണാകരൻ: സർ, സാധാരണ റസല്യൂഷൻ മൂവുചെയ്തിട്ട് അതിനെ സെക്കൻറു ചെയ്തു കഴിഞ്ഞാൽ ഉടനെ ഭേദഗതികൾ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്.

Mr. Speaker: Anybody seconding the Motion?

Shri T. A. Majid: I second it.

Mr. Speaker: Amendment No. 1 by Shri S. P. Luiz. He is not there***

ശ്രീമതി. കെ. ആർ. ഗൗരി: സാധാരണ മോഷൻ മൂവുചെയ്തു സംസാരിച്ചിട്ട് അമെൻറുമെൻറ് ഓരോരുത്തരും മൂവുചെയ്ത് സംസാരിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. കെ. കരുണാകരൻ: ഇവിടെയുള്ള പ്രാക്ടീസ് അങ്ങിനെയല്ല. റസല്യൂഷൻ മൂവുചെയ്ത് അതിനെ സെക്കൻഡു ചെയ്തു കഴിഞ്ഞാൽ ഉടനെ അതിന് കൊടുത്തിട്ടുള്ള അമെൻറുമെൻറുകൾ മൂവുചെയ്യുകയാണ് ചെയ്യുന്നത്. അതിനുശേഷം ഡിസ്കഷൻ നടക്കും.

ശ്രീമതി. കെ. ആർ. ഗൗരി: ഇതുവരെ നടന്നിട്ടുള്ളത് അങ്ങനെയല്ല. അമെൻറുമെൻറ് ഓരോരുത്തരും മൂവുചെയ്ത് സംസാരിക്കുകയാണ് ചെയ്യുന്നത്.

മി. സ്പീക്കർ: അമെൻറുമെൻറുകൾ ഭേദഗതികൾ അവതരിപ്പിച്ച് സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly